"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ആ.ക.വ - മെ.വി.വ - ജീവനക്കാര്യം - ഒറിജിനൽ ആപ്ലിക്കേഷൻ 2394/2017, 2410/2017, 279/2018, 291/2018, 432/2018 നമ്പർ കേസുകളിലെ 08/11/2019 - ലെ ഉത്തരവ്, ഒറിജിനൽ ആപ്ലിക്കേഷൻ 736/2019 & 815/2017 നമ്പർ കേസുകളിലെ 25/11/2019 - ലെ ഉത്തരവ് എന്നിവ നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യകുടുംബക്ഷേമ (എസ്) വകുപ്പ്

**സ.ഉ.(കൈ) നം.94/2020/ആ.ക.വ തീയതി,തിരുവനന്തപുരം, 27/06/2020**

പരാമർശം:- 1) 16/06/2000 - ലെ സ.ഉ(പി)145/2000/ആ.ക.വ നമ്പർ ഉത്തരവ്

2) 10/01/2005 - ലെ സ.ഉ(എം.എസ്) 9/2005/ആ.ക.വ നമ്പർ ഉത്തരവ്

3) 07/04/2008- ലെ സ.ഉ(എം.എസ്) 100/2008ആ.ക.വ നമ്പർ ഉത്തരവ്

4) 14/12/2009 - ലെ സ.ഉ(പി) 425/2009/ആ.ക.വ നമ്പർ ഉത്തരവ്

5) 22/01/2013 - ലെ സ.ഉ(എം.എസ്)14/2013/ആ.ക.വ നമ്പർ ഉത്തരവ്

6) ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ 09/04/2014 - ലെ MCI-12(1) /2014-Med.Misc നമ്പർ കത്ത്

7) ഒറിജിനൽ ആപ്ലിക്കേഷൻ 717/2015 നമ്പർ കേസിലെ 23/5/2017 - ലെ ഉത്തരവ്

8) ഒറിജിനൽ ആപ്ലിക്കേഷൻ 2394/2017, 2410/2017, 279/2018, 291/2018, 432/2018 നമ്പർ കേസുകളിലെ 08/11/2019 - ലെ ഉത്തരവ്

9) ഒറിജിനൽ ആപ്ലിക്കേഷൻ 736/2019 & 815/2017 നമ്പർ കേസുകളിലെ 25/11/2019 - ലെ ഉത്തരവ്

10) കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 02/08/2019 - ലെ AII(3) 50106/2018/KPSC നമ്പർ കത്ത്

11) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 08/01/2020 - ലെ ജി3/5408/2019/മെ.വി.വ, 22/09/2018 - ലെ എഫ്5/13263/2018/ഡി.എം.ഇ 28/11/2019, 23/01/2020, 28/01/2020തീയതികളിലെ എഫ്5/31403/2017/ഡി.എം.ഇ നമ്പർ കത്തുകൾ

12) അഡ്വക്കേറ്റ് ജനറലിന്റെ 27/02/2020- ലെ ജി1-ഒ.എ(ഇ.കെ.എം) 291/2018 നമ്പർ കത്ത്

## ഉത്തരവ്

മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന നിബന്ധനകൾ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ അസ്സോസിയേറ്റ് പ്രൊഫസർ , പ്രൊഫസർ എന്നിവമാത്രമാണ് മെഡിക്കൽ അധ്യാപക തസ്തികകൾ. ഈ തസ്തികകളിലെല്ലാം പോസ്റ്റ് ഗ്രാജ്വേഷൻ ആണ് അടിസ്ഥാനയോഗ്യത. ഇതിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയാണ് സംസ്ഥാന സർക്കാർ പ്രവേശന തസ്തികയായി അംഗീകരിച്ചിട്ടുള്ളത് എന്നിരിക്കെ സംസ്ഥാനത്തിലെ കോളേജുകളിലെ ലക്ചറർ തസ്തികയിലേക്ക് നിയമനത്തിനായി കേരള പബ്ലിക് സർവീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് തെറ്റാണെന്ന വാദമുയർത്തി ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒറിജിനൽ ആപ്ലിക്കേഷൻ നമ്പർ 2394/2017, 2410/2017, 279/2018, 291/2018, 432/2018 കേസുകൾ ഫയൽ ചെയ്യപ്പെട്ടിരുന്നു. പരാമർ ശം 4 - ലെ സർക്കാർ ഉത്തരവിൽ 5.1, 5.3 എന്നീ ഖണ്ഡികകളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അധ്യാപക തസ്തികകൾ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിവയാണെന്ന് വ്യക്തമാക്കുന്നുണ്ടെന്നും അപേക്ഷകർ പരാമർശിത

ഒറിജിനൽ ആപ്ലിക്കേഷനുകളിൽ ചൂണ്ടിക്കാട്ടിയിരുന്നു. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നേരിട്ടുള്ള നിയമനം നടത്തുന്നതാണെന്ന് പരാമർശം 5 ഉത്തരവ് പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതായും അപേക്ഷകർ പരാമർശിത ഒറിജിനൽ ആപ്ലിക്കേഷനുകളിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

2) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിയമപരമായ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത സാഹചര്യത്തിൽ എം.സി.ഐ റഗുലേഷൻസ് പ്രകാരം തുടർ നടപടികൾ കൈക്കൊള്ളണമെന്ന് പരാമർ ശം 8 പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകളിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വ്യക്തമാക്കിയിട്ടുണ്ട്. പോസ്റ്റ് ഗ്രാജ്വേഷൻ യോഗ്യതയില്ലാത്തവരെ അധ്യാപക തസ്തികകളിൽ, ലക്ചറർ തസ്തികയിൽ ഉൾപ്പെടെ, നിയമിക്കാൻ കഴിയില്ലായെന്ന് ഒറിജിനൽ ആപ്ലിക്കേഷൻ 1801/2017 നമ്പർ കേസിന്റെ 01/08/2019 - ലെ വിധിയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഇതിനകം വ്യക്തമാക്കിയിട്ടുണ്ടെന്നും എം.സി.ഐ റഗുലേഷൻസ് സംസ്ഥാനങ്ങൾക്ക് ബാധകമാണെന്ന് Dr.Preethi Sreevasthava case ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിച്ചിട്ടുണ്ടെന്നും ആയതിനാൽ ലക്ചറർ തസ്തികയിലെ നിയമനം നിലനിൽക്കുന്നതല്ലെന്നും ട്രൈബ്യൂണൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. 2009 - ലെ ശമ്പളപരിഷ്കരണ ഉത്തരവോടെ ലക്ചറർ തസ്തികയിലേക്ക് നിയമനം അസാധ്യമായെന്നും പ്രസ്തുത സാഹചര്യത്തിൽ വീണ്ടും ലക്ചറർമാരുടെ ഒഴിവ് റിപ്പോർട്ട് ചെയ്തത് നിയമപരമായി നിലനിൽക്കില്ലെന്നും നിലവില്ലാത്ത തസ്തികയാണ് റിപ്പോർട്ട് ചെയ്യപ്പെട്ടതെന്ന് കണക്കാക്കേണ്ടിവരുമെന്നും ട്രൈബ്യൂണൽ ചൂണ്ടിക്കാണിച്ചു. വിവിധ വിഭാഗങ്ങളിലെ റാങ്ക് പട്ടികകൾ സംബന്ധിച്ച് പരാമർശം 8 പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകളിൽ ട്രൈബ്യൂണൽ ചുവടെ ചേർക്കും പ്രകാരം വ്യക്തമായ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഫോറൻസിക് മെഡിസിൻ ( ഒറിജിനൽ ആപ്ലിക്കേഷൻ നമ്പർ (EKM) 2394/2017 and 291/2018)

ഫോറൻസിക് മെഡിസിൻ വിഭാഗത്തിലെ ലക്ചറർ തസ്തികയിലെ നിയമനത്തിനായി പബ്ലിക് സർവീസ് കമ്മീഷൻ പുറപ്പെടുവിച്ച വിജ്ഞാപനം (notification dated 30/12/2016 for the post of Lecturer in Forensic Medicine (Category Number 425/2016) റദ്ദ് ചെയ്യുന്നു. ഈ വിഭാഗത്തിലെ എല്ലാ ലക്ചറർ തസ്തികകളും അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാക്കി മാറ്റേണ്ടതും പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഇപ്രകാരം റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ പബ്ലിക് സർവീസ് കമ്മീഷൻ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനത്തിനായി നിലവിലുള്ള റാങ്ക് പട്ടികയിൽ [ Ranked List No.760/17/OLE (category No.156/2015) for the post of Assistant Professor of Forensic Medicine issued by the KPSC ] നിന്നും നികത്തേണ്ടതുമാണ്

ജനറൽ സർജറി ഒറിജിനൽ ആപ്ലിക്കേഷൻ (EKM) നമ്പർ 2410/2017)

പോസ്റ്റ് ഗ്രാജ്വേഷൻ യോഗ്യതയില്ലാത്തവരെ ജനറൽ സർജറി വിഭാഗത്തിലെ ലക്ചറർ ഉൾപ്പെടെയുള്ള അധ്യാപക തസ്തികകളിൽ നിയമിക്കാൻ കഴിയില്ലായെന്ന് ഒറിജിനൽ ആപ്ലിക്കേഷൻ 1801/2017 നമ്പർ കേസിന്റെ 01/08/2019 - ലെ വിധിയിൽ ട്രൈബ്യൂണൽ ഇതിനകം വ്യക്തമാക്കിയിട്ടുള്ളതിനാൽ ജനറൽ സർജറി വിഭാഗത്തിലെ എല്ലാ ലക്ചറർ തസ്തികകളും അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാക്കി മാറ്റേണ്ടതാണ്. പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഫിസിയോളജി ( ഒറിജിനൽ ആപ്ലിക്കേഷൻ(EKM) നമ്പർ 432/2018)

ലക്ചറർ തസ്തികകൾ റിപ്പോർട്ട് ചെയ്യുന്നതിലുള്ള അപാകത 01/10/2019 തീയതിയിലെ ആ.ക.വ-എസ്2/107/2019-ആ.ക.വ നമ്പർ കത്തിൽ സർക്കാർ ചൂണ്ടിക്കാട്ടിയിട്ടുള്ള സാഹചര്യത്തിൽ ഈ വിഭാഗത്തിലെയും എല്ലാ ലക്ചറർ തസ്തികകളും അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാക്കി മാറ്റേണ്ടതാണ്. പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

പതോളജി ( ഒറിജിനൽ ആപ്ലിക്കേഷൻ(EKM) നമ്പർ 279/2018)

പതോളജി വിഭാഗത്തിലെ എല്ലാ ലക്ചറർ തസ്തികകളും അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാക്കി മാറ്റേണ്ടതാണ്. പ്രസ്തുത തസ്തികകളിലെ ഒഴിവുകളും ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ലക്ചറർ തസ്തികയിലെ എൻ.ജെ.ഡി ഒഴിവുകളിലേക്കും ഉത്തരവിലെ നിർദേശാനുസരണം മാത്രം നിയമനം നടത്തേണ്ടതാണ്.

3) ഒറിജിനൽ ആപ്ലിക്കേഷൻ നമ്പർ (EKM) 736/2019 & 815/2017 എന്നിവയിൽ പരാമർശം 9 പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനകൾ പ്രകാരം ലക്ചറർ തസ്തികകളിലേക്കല്ല, മറിച്ച്

അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേക്ക് മാത്രമായിരിക്കണം നിയമനം നടത്തേണ്ടതെന്ന് ട്രൈബ്യൂണൽ പ്രസ്തുത ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ Notification dated 10/04/2019 issued by the Kerala Pubiic Service Commission (Category No.18/19) ട്രൈബ്യൂണൽ റദ്ദ് ചെയ്യുകയുണ്ടായി. മൈക്രോബയോളജി, ഫാർമക്കോളജി വിഭാഗങ്ങളിലെ ലക്ചറർ തസ്തികകൾ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളായി redesignate ചെയ്യേണ്ടതാണെന്നും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുള്ള റാങ്ക് പട്ടികയിൽ നിന്ന് ഒഴിവുകൾ നികത്തപ്പെടേണ്ടതാണെന്നും ട്രൈബ്യൂണൽ വ്യക്തമാക്കിയിട്ടുണ്ട്. ലക്ചറർമാരുടെ ഒഴിവ് റിപ്പോർട്ട് ചെയ്തിരിക്കുന്ന പക്ഷം പ്രസ്തുത പ്രൊഫോർമകൾ പിൻവലിച്ച് ടി ഒഴിവുകളെല്ലാം അസിസ്റ്റന്റ് പ്രൊഫസറായി റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും അസിസ്റ്റന്റ് പ്രൊഫസറുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതാണെന്നും ട്രൈബ്യൂണൽ ഉത്തരവ് നൽകിയിട്ടുണ്ട്.

4) സൂപ്പർ സ്പെഷ്യലിറ്റി വിഭാഗങ്ങളെ സംബന്ധിച്ചും പരാമർശം 7 - ലെ ഒറിജിനൽ ആപ്ലിക്കേഷൻ നമ്പർ (EKM) 717/2015 ൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിഭാഗങ്ങളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ പ്രകാരം സൂപ്പർ സ്പെഷ്യൽറ്റി ബിരുദങ്ങൾ ഉള്ളവരെ മാത്രമേ അസിസ്റ്റന്റ് പ്രൊഫസറുടെ നിയമന പട്ടികയിൽ ഉൾപ്പെടുത്താവൂഎന്ന് ട്രൈബ്യൂണൽ ഉത്തരവ് നൽകിയിട്ടുണ്ട്.

5) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ചു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുണ്ടായിരുന്ന ട്യൂട്ടർമാരെ, ലക്ചറർമാരായി സർക്കാർ 1991 ൽ റീഡസിഗ്നേറ്റ് ചെയ്തിരുന്നതിനാൽ ലക്ചറർ തസ്തിക മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുണ്ടായിരുന്നു. ട്യൂട്ടർ/ഡെമോൺസ്ട്രേറ്റർ/രജിസ്ട്രാർ തസ്തിക മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്നതിനാൽ നിലവിലുള്ള ലക്ചറർ തസ്തികയെ ആയതിന് സമാന തസ്തികയായി കണക്കാക്കി വരികയുമാണ്. ഈ സാഹചര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 7/4/2008 ലെ പരാമർശം 3 ലെ സർക്കാർ ഉത്തരവ് (കൈ ) 100/ 2008/ ആകുവ ഉത്തരവ് പ്രകാരം ലക്ചറർ തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് നിയമനത്തിനായി റിപ്പോർട്ട് ചെയ്തു വരികയാണ്. നിലവിലുണ്ടായിരുന്ന ലക്ചറർ തസ്തികകളെ പരാമർശം 1 - ലെ ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം ലക്ചറർ (പി.ജി യോഗ്യതയില്ലാത്തത്) എന്നും സീനിയർ ലക്ചറർ (പി.ജി യോഗ്യതയുള്ളത്) എന്നും തരം തിരിച്ച സീനിയർ ലക്ചറർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന് 10/01/2005 -ലെ സ.ഉ(എം.എസ്) 9/2005/ആ.ക.വ പ്രകാരം നിയമപരമായ സാധുത നൽകുകയും എന്നാൽ പോസ്റ്റ് ഗ്രാജ്വേഷൻ യോഗ്യതയുള്ളവരുടെ അഭാവത്തിൽ മാത്രമേ ലക്ചറർ തസ്തികയിലേക്ക് നിയമനമാകാവൂ എന്ന് വ്യവസ്ഥയുണ്ടാവുകയും ചെയ്തു. പിന്നീട് പരാമർശം 4 - ലെ ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം സീനിയർ ലക്ചറർ തസ്തികയെ അസിസ്റ്റന്റ് പ്രൊഫസറായി റീഡസിഗ്നേറ്റ് ചെയ്തിരുന്നു. തുടർന്ന് 22/01/2013 - ലെ സ.ഉ(എം.എസ്)14/2013/ആ.ക.വ നമ്പർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയെ എൻട്രി കേഡറാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എൻട്രി കേഡറിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് മാത്രമായിരിക്കും നിയമനം എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുകയുണ്ടായി. പി.ജി നേടുന്ന ലക്ചറർമാരെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് റീഡസിഗ്നേറ്റ് ചെയ്തുവെങ്കിലും കേഡർ സ്ട്രെംഗ്ത് റീഡസിഗ്നേഷനെത്തുടർന്ന് റീഫിക്സ് ചെയ്തിരുന്നില്ലാത്തതിനാൽ റീഡസിഗ്നേറ്റഡ് അസിസ്റ്റന്റ് പ്രൊഫസർമാരും ലക്ചററുടെ കേഡർ തസ്തികയിൽ നിലവിൽ തുടർന്നു വരികയാണ്.

6) 1998 - ലെ MCI Teachers Eligibility Qualifications Regulations പ്രകാരം പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ മാത്രമാണ് അധ്യാപക തസ്തികകളായി **മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ** അംഗീകരിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികകൾ മാത്രം സംസ്ഥാനത്തും അധ്യാപക തസ്തികകളായി പരിമിതപ്പെടുത്തണമെന്ന നിർദേശം പരാമർശം 6 - ലെ കത്ത് പ്രകാരം മെഡിക്കൽ കൗൺസിൽ നൽകിയിരുന്നു. അതുകൊണ്ട് തന്നെ മെഡിക്കൽ കൗൺസിൽ നിബന്ധനകൾ പ്രകാരം ലക്ചറർ തസ്തികകൾ യാതൊരു കാരണവശാലും കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാൻ വ്യവസ്ഥയില്ല. പരാമർശം 10 പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ ലഭ്യമാക്കിയിരിക്കുന്ന ഉപദേശത്തിൽ ലക്ചറർ തസ്തികകൾ ഒഴിവാക്കണമെന്നും അസിസ്റ്റന്റ് പ്രൊഫസർ തസ്തിക എൻട്രി കേഡറാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. 24/07/2009 - ലെ നോട്ടിഫിക്കേഷനിലൂടെ പ്രസിദ്ധീകരിച്ച Minimum qualification for Teachers in Medical Institutions Regulations 1998 ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളുടെ അപരനാമമായ ലെക്ച്ചറർ എന്ന പദം എടുത്തുകളഞ്ഞു. 09/04/2014 - ലെ MCI-12(1) /2014-Med.Misc കത്ത് പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകൾ അധ്യാപക തസ്തികകളായി മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ് എന്ന്

വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 31/10/2018 - ലെ നോട്ടിഫിക്കേഷൻ പ്രകാരം പ്രസിദ്ധീകരിച്ച MCI-12(2)/2018-Med.Misc/142810 പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകൾ മാത്രമാണ് അധ്യാപക തസ്തികകളെന്നും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ വീണ്ടും വ്യക്തമാക്കിയിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ചട്ടങ്ങൾക്ക് വിരുദ്ധമായുള്ള സംസ്ഥാന സർക്കാരിന്റെ ഏതൊരു ചട്ടവും നിയമപരമായി നിലനിൽക്കില്ലെന്നത് Dr.Preethi Sreevasthava കേസിലൂടെ ബഹുമാനപ്പെട്ട സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ലക്ചറർ തസ്തികകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിൽ/ചെയ്തു വരുന്നതിൽ അപാകതയുള്ളതായി സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നു.

7) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം നോൺ ക്ലിനിക്കൽ വിഭാഗങ്ങളിൽ പോസ്റ്റ് ഗ്രാജ്വേഷൻ വിദ്യാർത്ഥികളെ മാത്രമല്ല അധികമുള്ള അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിവരെപ്പോലും ട്യൂട്ടർമാരായി കാണിക്കാവുന്നതാണ്. മെഡിക്കൽ കൗൺസിൽ നിബന്ധനകൾ പ്രകാരം നോൺ ക്ലിനിക്കൽ വിഭാഗത്തിലെന്ന പോലെ ക്ലിനിക്കൽ വിഭാഗങ്ങളിലും ലക്ചറർ തസ്തികകൾ നിഷ്കർഷിച്ചിട്ടില്ല. പകരം fixed remuneration - നോടു കൂടിയ ജൂനിയർ റസിഡന്റ് തസ്തികകളാണ് നിഷ്കർഷിച്ചിട്ടുള്ളത്. പോസ്റ്റ് ഗ്രാജ്വേഷൻ വിദ്യാർത്ഥികളെ ജൂനിയർ റസിഡന്റുമാരായി നിലവിൽ കണക്കാക്കി വരുന്നുണ്ട്. പി.ജി കോഴ്സുകളില്ലാത്ത കോളേജുകളിൽ നിലവിൽ ജൂനിയർ റസിഡന്റ് പോസ്റ്റുകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ലക്ചറർ തസ്തികകൾ റിപ്പോർട്ട് ചെയ്യുന്നത്/ചെയ്തു വരുന്നത് ക്രമപ്രകാരമല്ലായെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്.

8) 1990- ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ട്യൂട്ടർ തസ്തികയെ ശമ്പള സ്കെയിലിൽ മാറ്റമില്ലാതെ ലക്ചറർ തസ്തികയായി സർക്കാർ മാറ്റിയിരുന്നു. എന്നാൽ പരാമർശം 1, 4 എന്നിവയിലെ ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം ധനവകുപ്പിന്റെ അനുമതിയോടു കൂടി ലക്ചറർ തസ്തികയെ സീനിയർ ലക്ചറർ എന്നും പിന്നീട് അസിസ്റ്റന്റ് പ്രൊഫസർ എന്നിങ്ങനെ പുനർനാമകരണം ചെയ്യുകയും, പ്രസ്തുത തസ്തികകൾക്ക് ഉയർന്ന ശമ്പള സ്കെയിൽ അനുവദിക്കുകയും ഒപ്പം പോസ്റ്റ് ഗ്രാജ്വേഷൻ യോഗ്യതയില്ലാത്ത ലക്ചറർമാരെ പോസ്റ്റ് ഗ്രാജ്വേഷൻ നേടുന്നത് വരെ ലക്ചറർ തസ്തികയിൽ തുടരാൻ അനുവദിക്കുകയും ചെയ്തിരുന്നു. ടിയാളുകൾ പി.ജിബിരുദം നേടുന്ന മുറയ്ക്ക് സീനിയർ ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ ആയി സ്ഥാനക്കയറ്റം നൽകുകയും ചെയ്തിരുന്നു.

9) പരാമർശം 12 പ്രകാരമുള്ള കത്തിലെ നിയമോപദേശത്തിൽ പരാമർശിത ട്രൈബ്യൂണൽ ഉത്തരവുകൾക്കെതിരെ അപ്പീലിന് യാതൊരുവിധ സാധ്യതയുമില്ലെന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുണ്ട്.

10) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ലക്ചറർ തസ്തികകളിൽ തുടർന്ന് വരുന്നവരെ പ്രസ്തുത തസ്തികയിൽ തുടരാൻ അനുവദിക്കുന്നതാണെന്നും ടിയാളുകൾ പോസ്റ്റ് ഗ്രാജ്വേഷൻ നേടുന്ന/ അകാലമായി മരണപ്പെടുന്ന/മറ്റു വകുപ്പുകളിലേക്കു ട്രാൻസ്ഫർ ആകുന്ന / ജോലി രാജി വയ്ക്കുന്ന/വിരമിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകൾ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളായി മാറുന്നതാണെന്നുമുള്ള വ്യവസ്ഥയോടു കൂടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നിലവിലുള്ള എല്ലാ ലക്ചറർ തസ്തികകളും അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാക്കി മാറ്റി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ തസ്തികകളിലേക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച നിലവിലുള്ള റാങ്ക് പട്ടികകളിൽ നിന്നും ട്രൈബ്യൂണൽ ഉത്തരവിന്റെ കൂടി വെളിച്ചത്തിൽ പുറപ്പെടുവിച്ച ഇപ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമന നടപടികൾ കൈക്കൊള്ളേണ്ടതാണ്. ലെക്ച്ചർ തസ്തികകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആ പ്രോഫോർമകളെല്ലാം മെഡിക്കൽ വിദ്യാഭാസ ഡയറക്ടർ തിരികെ വിളിച്ചു അവയെല്ലാം അസിസ്റ്റന്റ് പ്രൊഫസർ എന്നാക്കി പുതിയ പ്രോഫോർമ അടിയന്തിരമായി പബ്ലിക് സർവീസ് കമ്മീഷന് അയക്കേണ്ടതാണെന്നും ആയതു സംബന്ധിച്ച് എന്തെങ്കിലും സാങ്കേതിക തടസ്സം നിലനിൽക്കുന്ന പക്ഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കേരള പബ്ലിക് സർവീസ് കമ്മീഷനുമായി കൂടിയാലോചിച്ച് ട്രൈബ്യൂണൽ ഉത്തരവിന്റെ വെളിച്ചത്തിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. ലക്ചറർ തസ്തികയിലേക്ക് ഇതിനകം കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ നിയമനശുപാർശകളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും വിഭാഗത്തിൽ നിയമന ഉത്തരവ് നൽകാൻ അവശേഷിക്കുന്ന പക്ഷം ഇക്കാര്യത്തിലും ട്രൈബ്യൂണൽ ഉത്തരവിന്റെ കൂടി വെളിച്ചത്തിൽ പുറപ്പെടുവിച്ച ഇപ്രകാരമുള്ള സർക്കാർ ഉത്തരവ് കണക്കിലെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കേരള പബ്ലിക് സർവീസ് കമ്മീഷനുമായി കൂടിയാലോചന നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

11) പരാമർശം 8, പരാമർശം 9 എന്നിവ പ്രകാരമുള്ള ട്രൈബ്യൂണൽ ഉത്തരവുകൾ ഇപ്രകാരം നടപ്പിലാക്കിയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
RAJAN NAMDEV KHOBRAGADE
പ്രിൻസിപ്പൽ സെക്രട്ടറി

കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/വഞ്ചിയൂർ
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (U.O (F) 1519834/HLT-B2/84/2020-Fin)
വെബ്&ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി
പകർപ്പ് - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ